# ജാലകം




MKSHS KUTTAMATH

## താളുകളിൽ

ആശംസകൾ........................................................................................................2
മുഖമൊഴി........................................................................................................3
ഇരുണ്ട വെളിച്ചം........................................................................................................4
*സ്നേഹത്തിലേക്കുള്ള കാൽവെയ്പുകൾ*........................................................................................................9
ജനനി........................................................................................................12
നന്മയുടെ നിറച്ചാർത്തുകൾ........................................................................................................13
വരൂ എൻ സഖി........................................................................................................14
തുമ്പപ്പൂ........................................................................................................15
*വരവേൽപ്പ്*........................................................................................................16
വീണ്ടുമൊരോർമ്മ........................................................................................................18
മുത്തശ്ശി പറഞ്ഞു കേട്ട ഓണം........................................................................................................19
പ്രളയത്തിൽ മുങ്ങി ഓണം........................................................................................................20
മാധവിക്കുട്ടി........................................................................................................21
വള്ളത്തോൾ നാരായണമേനോൻ........................................................................................................22
ആൽക്കമിസറ്റ്........................................................................................................23
പഴഞ്ചൊല്ലുകൾ........................................................................................................24

# ആശംസകൾ.....

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ജാലകം എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നുവെന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുകയും , ഈ സംരംഭത്തിൽ ഹൃദയം നിറഞ്ഞ ആശംസകൾ നേരുകയും ചെയ്യുന്നു.

യു . ശ്രീനിവാസൻ

ഹെഡ് മാസ്റ്റർ

## മുഖമൊഴി

*അക്ഷരം ക്ഷരമില്ലാത്തതെന്ന് പൂർവികർ...........*
*ശിലാലിഖിതങ്ങളും താളിയോലകളും പുസ്തകത്താളുകളും*
*അതിന്റെ നേർസാക്ഷ്യങ്ങളായി.................*
*സാങ്കേതികവിദ്യയുടെ വിസ്മയലോകങ്ങളിൽ അക്ഷരങ്ങൾ*
*ബൈറ്റുകളായി............പുതിയലോകങ്ങൾ .................*
*പുതിയ ജീവിപങ്ങൾ...........അക്ഷരജാലകങ്ങൾ*
*കയ്യെത്താദൂരത്തിൽ................വിവരസാങ്കേതിക വിദ്യയുടെ*
*സങ്കീർണതകളിൽ തങ്ങളുടെ കയ്യൊപ്പുവേണമെന്ന് ഇന്ന്*
*ഓരോരുത്തരും ചിന്തിക്കുന്നു.............തിരിച്ചറിയുന്നു..............*
*ഹൈടെക് വൽക്കരണത്തിന്റെ ഭാഗമായി കേരളത്തിലെ*
*പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപം കൊണ്ട ലിറ്റിൽ*
*കൈറ്റ്സ് അതിന്റെ നിർണായക ദൗത്യത്തിലാണ്.ഇതിന്റെ*
*ഭാഗമായാണ് ഡിജിറ്റൽ മാഗസിൻ എന്ന ആശയവും*
*പ്രാവർത്തികമാവുകയാണ്..............കമ്പ്യൂട്ടർ ജാലകങ്ങളിൽ സ*
*ഗാത്മകതയുടെ മായികാലോകം ഇതൾ വിരിയുന്നു..........*
*വരകളും വർണങ്ങളും മാറ്റ് കൂട്ടിയ സർഗവസന്തം*
*സഹൃദയസമക്ഷം സമർപ്പിക്കുന്നു.*

# ഇരുണ്ട വെളിച്ചം

ശ്രീഹരി ഗോവിന്ദ് 10 എ

വേനൽ തഴുകി ഉണർത്തിയ പച്ചപ്പുല്ലിൽ ഇടതു കാല് അമർത്തിവച്ച് ഇരുകൈകളും ബാറ്റിന്റെ മരപ്പിടിയിൽ ഒതുക്കി അകലയുള്ള ചുവന്ന പന്തിന്റെ വ്യതിചലനം കണ്ണിമ ചിമ്മാതെ നോക്കി നിൽക്കുമ്പോൾ പന്ത് വായുവിലൂടെ ഒരു തീഗോളത്തെ പോലെ പാഞ്ഞരികിൽ വന്നതും ട്ടോ............ "എടാ ഗോപു നീ എന്താടാ ചെയ്തെ" നിന്നോട് പല പ്രാവശ്യം പറഞ്ഞതല്ലെ ക്രിക്കറ്റ് കളിക്കുമ്പോ ഈ ബോൾ ഇത്ര ശക്തിയായി അടിക്കേണ്ടന്ന് ; ലഫറിയായ കണ്ണൻ അവനെ ഒന്ന് നോട്ടം കൊണ്ട് വിരട്ടാൻ നോക്കി. എവിടെ അവനുണ്ടോ പേടി . പണ്ട് കോഴിക്കുഞ്ഞിനെ ഞെരിച്ച് കൊന്ന പിള്ളേരുടെ ഗുണ്ടയാണ് ഗോപു . നെറ്റിയിൽ മുറിവുപാട്, കണ്ണിൽ ചുവപ്പ് പടർന്ന പിടിച്ച് തടിച്ച് ഒരു കരടിയുടെ രൂപമുള്ള അവനെ ആര് കണ്ടാലും ഒന്ന് വിരണ്ടുപോകും. ഗോപു ദാവൂങ്കർ എന്ന് കേൾക്കുമ്പോൾ കുട്ടികളുടെ നെഞ്ച് പിടക്കും. അവൻ കുട്ടികളുടെ പേടി സ്വപ്നമായിരുന്നു.പന്തിനോടുള്ള വൈരാഗ്യമാണോ അതോ ചുവപ്പ് കാണുമ്പോഴുള്ള ദേഷ്യമാണോ ഇതിനു കാരണം എന്ന് എനിക്ക് മനസിലാവുന്നില്ല. ചാത്തുണ്ണി ഒരു പരിഹാസഭാവത്തോടെ ഗോപുവിനോട് ചോദിച്ചു. അത് ഗോപുവിന് ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. മിണ്ടാണ്ടിരിയടാ അവിടെ ഞാൻ അടിച്ച പന്ത് ഞാൻ എടുത്തോണ്ട് വരും അതിനകം കളിച്ചാ... എന്റെ തനിസ്വരൂപം നീയൊക്കെ കാണും. ഇതും പറഞ്ഞു കൊണ്ട് അവൻ പന്തുപോലെ വഴിയിലൂടെ കാലടി അമർത്തി അമർത്തി നടന്നു. അവൻ നടന്നു പോയ വഴികളിൽ ക്രോധത്തിന്റെ ചൂടുണ്ടായിരുന്നു. കുറിച്ചിമലയുടെ താഴ്വാരയിലാണ് പന്ത് ചെന്നു വീണത് .അത് ഒരു ഇരുണ്ട

വനഭ്രമിയാണ് .വന്യജീവികൾ വസിക്കുന്ന രക്തമണമുള്ള കാട് ,പ്രേത ങ്ങൾ കുടിയിരിക്കുന്ന വനം  എന്നാണ് നാട്ടുകാർ ആസ്ഥലത്തെ കണക്കിയിരുന്നത്. ഗോപു വനത്തിലേക്ക് പ്രവേശിച്ചു. ചില്ലകളിൽ കുരങ്ങിൻക്കൂട്ടം അവനെ തുറിച്ചു നോക്കി. പച്ചോല പാമ്പുകൾ ചുറ്റിപ്പിച്ച വള്ളികൾക്ക് താഴത്തൂടെ അവൻ നീങ്ങി. ഏ ബാലകാ..... നീ ഇങ്ങോട്ടു വരൂ ,എന്ന പ്രതിദ്വനി അവൻെറ കാതുകളിൽ പതിച്ചു. ആരാ അത് ,ഗോപുവിൻെറ തൊണ്ട ഇടറി. നീ ഇടതുമാറി വലതു മരത്തോപ്പിൻ കീഴിൽ വള്ളിതൻ മറവിൽ ഒളിഞ്ഞിരിക്കുന്ന എൻ ശിരസ്സ് നീ കണ്ടാലും .യൗവ്വനം കഴിഞ്ഞ് വാർദ്ധക്യത്തിലേക്കു പ്രവേശിക്കുന്ന ഒരുവൻെറ ശബ്ദം കാട്ടിൽ മുഴങ്ങി. ഗോപു ഒന്നും വകവയ്ക്കാതെ ശബ്ദത്തിനു പിന്നാലെ സഞ്ചരിച്ചു. ആ ശബ്ദത്തിൻെറ ഉറവിടം അവൻ കണ്ടത്തി അതൊരു മൺശിലയാണ്. ഒരു കുതിര പുറത്ത് നിൽക്കുന്ന യുവാവിൻെറ ശിലയിൽ നിന്ന് ശബ്ദം കേട്ടിട്ടു പോലും ഗോപുവിനെ അത് ഭയപ്പെടുത്തിയില്ല. ശിലവീണ്ടും ഒരു കാര്യം അവനോട് പറഞ്ഞു. നിനക്ക് ഞാൻ ഒരു സ്വർണ്ണപുസ്തകമുള്ള സ്ഥലം കാട്ടിത്തരാം. പക്ഷേ നീ ഞാൻ പറയുന്നത് അനുസരിക്കണം. സ്വർണ്ണമോ!അതിശയത്തോടെ അവൻ വാ പൊലിച്ചു വേഗം പറ. ഞാൻ ഉറപ്പായും ചെയ്യാം. പ്രതിമ പറഞ്ഞു നീ നിൻെറ അമ്മയുടെ ഹൃദയം എനിക്ക് സമ്മാനിച്ചാൽ സ്വർണ്ണപുസ്കം നിനക്ക് തീർച്ചയായും ലഭിക്കും. അമ്മയെ കൊല്ലണമെന്നോ ,എന്നെ പോറ്റി വലുതാക്കിയ എന്നെ ശാസിക്കാത്ത എൻെറ എന്തിനും ഏതിനും കൂട്ടുനിൽക്കുന്ന അമ്മയെ കൊല്ലാൻ എനിക്ക് സാധിക്കില്ല. പ്രതിമ ഒന്നുകൂടി എന്നോട് പറഞ്ഞു ഈ അവസരം നിനക്ക് എനി ഒരിക്കലും ലഭിക്കില്ല.അമ്മയെ കൊന്നാൽ  സ്വർണ്ണമാണ് ലഭിക്കുക അത് നീ ഓർക്കുക. ആ പാഴ്വസ്ത്തുവിനെ കൊണ്ട് നിനക്ക് വരും കാലങ്ങളിൽ

പ്രയോജനം ഉണ്ടാവുകയില്ല.മറിച്ച് ഉപദ്രവം മാത്രമേ ഉണ്ടാകൂ .എന്നാൽ സ്വർണ്ണം നിനക്ക് എക്കാലത്തും ഉപകാരപ്പെടും .ഗോപുവിൻെറ മനസ്സിൽ പുതിയ പല ചിന്തകളും കയറി മറിഞ്ഞു . അവൻ ഒരു തീരുമാനത്തിൽ എത്താൻ സാധിക്കാതെ കടലിനും കരയ്ക്കും ഇടയിലുള്ള കപ്പലിൽ അവൻ തനിച്ചായി .പല ചിന്തകളും അവനെ കരയിലെത്തിക്കാൻ പോകുന്തോറും വലിയ തിരകൾ വന്ന് അവനെ ഉൾക്കടലിലേക്ക് കൂട്ടിക്കൊണ്ട് പോയി .അവൻ അന്തിമ തീരുമാനത്തിൽ എത്തിചേർന്നു . അവൻ ആ കഴുകിക്കളയാൻ കഴിയാത്ത പാപം എറ്റെടുത്തു. വീട്ടിലേക്ക് മടങ്ങി പോകും വഴിയിൽ പച്ച പുല്ലുകൾ അവനെ പിറകിലേക്കുവലിക്കുന്നതായി കാണാം . അവനെറ കാലടി പതിഞ്ഞ പുല്ലുകൾ അവനെ നോക്കി സങ്കടപ്പെട്ടു. വീട്ടിൻെറ മുന്നിൽ വെള്ളമൊഴിക്കുന്ന അമ്മയെ അവന് ക്രൂരഭാവത്തിൽ നോക്കി . അമ്മേ എന്നോട് ക്ഷമിച്ചാലും അമ്മയുടെ ഹൃദയം നൽക്കിയാൽ ,കുറിച്ചിമലയുടെ ശിൽപം എനിക്ക് സ്വർണ്ണം നൽക്കും അതുകൊണ്ട് എനിക്ക് എൻെറ ജീവിതം  സുഖമമാക്കാൻ തനിക്ക് കഴിഞ്ഞല്ലോ എന്ന ചിന്ത ആ സ്ത്രീയുടെ മുഖത്ത് കാണാമായിരുന്നു. എന്നാൽ ദുഖത്തിൻെറ പാടമൂടിയ അമ്മയിടെ മുഖം മകനിൽ  പല ഭാവതലങ്ങൾ ഉണ്ടാക്കി പറഞ്ഞറിയിക്കാൻ സാധിക്കാത്ത മുഖത്തോടുക്കൂടി അവൻ കടാരയുടെ മൂർച്ചയേറിയ മുൻഭാഗം മൃദുലമായ മാതാവിൻെറ മാറിടത്തിലൂടെ ദുഖം പുറത്തുകാട്ടാതെ മരണത്തെ മുന്നിൽ കണ്ട് ആ അമ്മയുടെ പിടയൽ അവൻ നോക്കിനിന്നു. ചുടു രക്തം തറയിലൂടെ ഒറു നദിയായി ഒഴുകി ഗോപുവിൻെറ കൈയ്യിലെ കത്തി വീണ്ടും അമ്മയുടെ ശരീരത്തിൽ മുറിവുകൾ ഉണ്ടാക്കി. മേഘം ഇരുണ്ടു കറുത്തു . ഗോപുവിൻെറ രണ്ട് കൈകളും അമ്മയുടെ ഹൃദയത്തിൽ പതിഞ്ഞു . ഹൃദയത്തെ ശരീരത്തിൽ നിന്നും അടർത്തി മാറ്റിയ മകൻ കരഞ്ഞു കൊണ്ട് കുറിച്ചി മലയിലേക്ക് ഒടി. അമ്മ തറയിൽ രക്തം വാർ

ന്ന് കണ്ണിൽ ചുടുകണ്ണുനീരുമായി പിടഞ്ഞു. ആ ചലനത്തിന് ലോകത്തെ കുലുക്കാൻ തക്ക വിധത്തിലുള്ള ശക്തി അതിനുണ്ടായിരുന്നു.മാനത്ത് നിന്ന് വന്ന മഴത്തുള്ളികൾ അമ്മയുടെ രക്തത്തെ വഹിച്ചു കൊണ്ട് നദിയിലേക്ക് പോയി . ആ മഴയുടെ വരവ് പ്രകൃതികാട്ടിയ ദുഖമാണെന്ന് മകൻ തിരിച്ചറിഞ്ഞില്ല. ഹൃദയം ശിലയെ ഏൽപ്പിച്ചു സ്വർണ്ണ നിറത്തിലുള്ള പുസ്തകം അവൻെറ കൈയ്യിൽ എത്തി . അവൻ അത് പതുക്കെ തുറന്നു . ഒരു ഇരുണ്ട പ്രകാശം ചുറ്റും പടർന്നു ............

# സ്നേഹത്തിലേക്കുള്ള കാൽവെയ്പുകൾ

ഉദയ എം.10 ബി

നേരം സന്ധ്യയായി. അഞ്ചുവർഷത്തെ ആയുർവേദ പഠനത്തിനൊടുവിൽ വേണുവും കൂട്ടുകാരും തിരിച്ച് നാട്ടിലേക്കു മടങ്ങാറായി . അവർ കോഴിക്കോട് നി - ന്നും 5.30 യുടെ ട്രെയിനിൽ കയറിയിരുന്നു. അവർക്കു പോകേണ്ടത് കണ്ണൂരി - ലേക്കായിരുന്നു. കണ്ണൂർ ജില്ലയിലെ വിവിധ പ്രദേശങ്ങളിലാണ് ഓരോരുത്തരു - ടെയും വീട്. അന്നത്തെ ദിവസം ആയുർവേദ കോളേജിൽ പഠിക്കുന്ന ഓരോരു - ത്തരും അടിച്ചുപൊളിച്ച് സന്തോഷത്തോടുകൂടി നാട്ടിലേക്ക് തിരിക്കുന്നു. രാത്രി - യായതോടുകൂടി കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വേണുവും കൂട്ടുകാരും ഇറങ്ങി. രാത്രിയായതുകൊണ്ട് എല്ലാവരേയും കൂട്ടാൻ വീട്ടിൽ നിന്നും കാറും ബൈക്കുമൊ - ക്കെയായി ആളുകൾ സ്റ്റേഷനിൽ കാത്തുനിൽക്കുന്നു. വേണു അവിടെയാകെ അന്വേഷിച്ചു. ആരേയും കാണുന്നില്ല . ഓരോരുത്തരായി പോയിത്തുടങ്ങുമ്പോൾ വേണു തന്റെ ഉറ്റസുഹൃത്തായ രാഹുലിനോടു പറഞ്ഞു.

"ഹേയ് രാഹുൽ നിന്നെ കൂട്ടാൻ ആരാ വന്നത്?"

രാഹുൽ " വീട്ടിൽ നിന്നും ചേട്ടൻ കാറുമായി എത്തിയിട്ടുണ്ട്".

എന്താ നിന്നെ കൂട്ടാൻ ആരും വന്നില്ലേ ?

വേണു നിരാശയോടെ പറഞ്ഞു. " ഇല്ലെന്നു തോന്നുന്നു. ഇവിടെ ആരെയും കാ - ണുന്നില്ല."

" നീ വിഷമിക്കണ്ട . ഇനിയിപ്പോഴേതായാലും ഞാൻ നിന്നെ നിന്റെ വീട്ടിലേക്കു ഡ്രോപ്പ് ചെയ്യാം . നിന്റെ അതേ റൂട്ടിൽ കൂടിയാണ് എനിക്കും വീട്ടി - ലേക്കു പോകേണ്ടത്."- എന്ന് സന്തോഷത്തോടുകൂടി രാഹുൽ പറഞ്ഞു. അ - ങ്ങനെ വേണു തന്റെ സുഹൃത്തിന്റെ കൂടെ വീട്ടിലേക്ക് എത്തിച്ചേർന്നു.

തന്റെ മകൻ വരുന്ന സന്തോഷത്തിൽ വേണുവിന്റെ അമ്മയായ

*പാർവ്വതിയമ്മ വീട്ടിൽ കാത്തിരിക്കുന്നു, അതും ഇമവെട്ടാതെ . വേണു രാത്രിയാ - കുമെന്ന് അമ്മയെ വിളിച്ചിട്ടറിയിച്ചിട്ടുണ്ട്. ഒരു കാർ വന്നുനിർത്തുന്ന ശബ്ദം കേ - ട്ടതോടെ പാർവ്വതിയമ്മ വീട്ടുവാതിൽക്കൽ വന്നു നിന്നു. അവിടെ നിന്നും ചുറ്റിലും എത്തിയെത്തി നോക്കി. കാരണം, കാത്തിരിക്കാൻ തുടങ്ങിയിട്ട് സമയം ഏറെ - യായി . ഓരോ വാഹനത്തിന്റെ ശബ്ദം കേൾക്കുമ്പോഴും അവർ വീട്ടുവാതിൽക്ക - ലേക്ക് ഓടിച്ചെല്ലും. വേണു കാറിൽ നിന്നുമിറങ്ങി . രാഹുലിനോടും അവന്റെ ചേ - ട്ടനോടും പറഞ്ഞു :*

*"Thanks. എന്നെ വീട്ടിലെത്തിച്ചതിന് "*

*"അതിന്റെയൊന്നും ആവശ്യമില്ല . ഇതെന്റെ കടമയാണെന്ന് നീ കൂട്ടിക്കോളൂ. ദേ , വേണൂ നിന്റെയമ്മ അവിടെനിന്നും നോക്കുന്നുണ്ട്."- വിനയപൂർവ്വം രാഹുൽ പറഞ്ഞു.*

*"ഉം . ശരിയാ . അമ്മ കാത്തിരിക്കാൻ തുടങ്ങിയിട്ട് സമയം കുറേയാ - യെന്നു തോന്നുന്നു. ഇപ്പോൾ തന്നെ 11.00 മണിയായി ."*

*"എന്നാൽ ശരി . പിന്നെ കാണാം ." രാഹുലും അവന്റെ ചേട്ടനും വേ - ണുവിനോടു പറയുന്നു.*

*വേണു " എന്നാൽ ok."- എന്നു പറഞ്ഞുകൊണ്ട് ഇരുവരും ആ അർധരാത്രിയിൽ ആ വിജന വീഥിയിൽ നിന്നും പരസ്പരം നന്ദി പറഞ്ഞുകോണ്ട് പിരിഞ്ഞു.*

*വേണു വേഗം തന്റെ അമ്മയുടെ അടുത്തേക്ക് ചെന്നു.*

*വേണു: അമ്മേ*

*പാർവ്വതിയമ്മ : മോനേ , കേറിവാ...*

*വേണു അമ്മയുടെ കൈയ്യും പിടിച്ച് വീട്ടിന്റെ അകത്തേക്ക് കയറിവന്നു.*

*"നാട്ടിലേക്കുള്ള യാത്രയൊക്കെ എങ്ങനെയുണ്ട്?"*

*വേണു തന്റെ ചുമലിലെ കനം അടുത്തുള്ള മേശയിൽ ഇറക്കി വച്ചുകൊണ്ട് പറഞ്ഞു: സുഖകരം തന്നെ . നമ്മളിങ്ങോട്ട് നാട്ടിലേക്ക് ഒരുപാട് പേരുണ്ടായിരുന്നു .*

*അമ്മ : അതയോ?*

***വേണു: അമ്മയ്ക്ക് രാഹുലിനെ അറിയില്ലേ ? അന്നൊരിക്കൽ എന്റെ കൂടെ വീട്ടിലേക്കു വന്ന...***

***അമ്മ : ങാ ... അറിയാം***

***വേണു : ങാ . അവനാണ് എന്നെ ഇവിടെ എത്തിച്ചത്.അവന്റെ ചേട്ടൻ കാറുമായി വന്നിരുന്നു. ആട്ടെ , സമയമേറെ വൈകി . അമ്മ വല്ലതും കഴിച്ചോ?***

***അമ്മ : ഇല്ല മോനേ . നീ വന്നിട്ടു കഴിക്കാമെന്നു കരുതി . വാ , വന്നിരിക്ക്. നിനക്ക് ഇഷ്ടപ്പെട്ട നല്ല മീൻകറി വച്ചിട്ടുണ്ടമ്മ.***

***വേണു : അതയോ? എന്നാൽ അമ്മയും വന്നിരിക്ക്.***

# ജനനി

*ഓണപ്പൂലരിയിൽ പൂക്കളമൊരുക്കി*
*ഊഞ്ഞാലിലാട്ടുമെന്നമ്മ*
*പുസ്തകത്താളുകളിലക്ഷരമായ് അമ്മ*
*മേടവിഷുക്കണിയൊരുക്കിത്തരുമമ്മ*
*സ്കൂളിലേക്കായി പോകുമീ നേരത്ത്*
*എന്നെ ഒരുക്കുമെന്നമ്മ*
*ഇന്നെന്റെ അമ്മയെൻ കൂടെയില്ല*
*അമ്മയില്ലാത്ത ഈ ഓണം വേണ്ട*
*അമ്മ തന്ന സ്നേഹവും വാത്സ്യവും*
*ഇന്നെനിക്കായി മാറ്റിവച്ചൊരീ ജീവിതം*
*ഞാനീ നിമിഷത്തിൽ ഓർത്തിടാം*
*ജീവിതത്തിൽ അമ്മയെന്നെത്ര-*
*തവണ വിളിച്ചിരുന്നല്ലോ ഞാൻ*
*അന്നീ വചനമഹത്വമറിഞ്ഞില്ല*
*ഇന്നെത്ര ആവർത്തിച്ച് വിളിക്കുന്നു*
*ഞാനെന്റെ അമ്മയെ.....*
*മാതേ വീട്ടാം ഞാനാ കടം*
*എങ്ങനെ വീട്ടുമെന്നെന്നുമറിയില്ല*
*അമ്മേ എന്തിനെന്നെ വിട്ടുമറഞ്ഞു*
*അമ്മതൻ വചനാവർത്തന മഹത്ത്വമറി-*
*യുന്നു ഞാനിന്നും അന്നും എന്നെന്നും.*

# നന്മയുടെ നിറച്ചാർത്തുകൾ

കാത്തിരിക്കുന്ന ആത്മാവിൻ നൊമ്പരം
കാലങ്ങളായി ഇതാവർത്തന ഫലം
കാലമാകെ മാറിമറിഞ്ഞാലും
കാരണവരൊന്നും മാറുകില്ല
രാത്രിതൻ മറവിലിരുന്നു ഞാനേതോ
കൂമന്റെ മൂളലിന് കാതോർത്തു-
അർക്കന്റെ ചൂടിൽ മർത്യൻ വലഞ്ഞപ്പോൾ
വന്നുദിച്ചല്ലോ കരിം പട മേഘങ്ങൾ
പെയ്തു കനത്ത ചുട്ടു മഴയ്ക്കുണ്ടൊരു
മർത്യന്റെ നൊമ്പരവും സമ്പാദ്യവും
വീണ്ടും തിരികെ ലഭിച്ചു തെളിനീരിൽ
മധുരമാർന്ന ചുംബന സ്നേഹം
മർത്യൻ വിസ്മരിക്കുന്നു തൻ ധർമ്മങ്ങൾ
ആവർത്തനത്തിൽ ഫലമല്ലേയിതെല്ലാം
മരണം ജനനവും യൗവനവുമെല്ലാം
ആവർത്തനത്തിന്റെ ഫലങ്ങളായ് മാറുമ്പോൾ
ആവർത്തനത്തന ഫലമല്ലോ നന്മകൾ
വിസ്മരിക്കരുത് മനുഷ്യൻ ഈ നന്മകൾ

# വരൂ എൻ സഖി

എൻ മനസ്സിന്റെ മാരിവില്ലായി നീ
വന്നു പഴയൊരാപൂക്കാലം
അന്നു നീ എന്റെ ഉള്ളിന്റെ ഉള്ളിലായി
വിത്തുകൾ പാകിയതെന്തിനായി സഖി
മാധുര്യമാർന്നൊരാ പ്രണയത്തിൽ ലഹരി ഞാൻ
ആവർത്തിക്കയായി  ഇന്നും നിന്നിൽ മാത്രമായ്
ഹൃദ്യമാം നിന്റെ ചിരിക്കായ് ഞാൻ വീണ്ടും
വരവേൽക്കയാണെൻ ജീവിതയാത്രയിൽ
സുഖ ദുഖ യാത്രയിൽ കൈകോർത്തു നിൽക്കാനായി
വരിക നീ എന്റെ കൂടെ.....
ഞാനറിയാതെയെന്നുള്ളിൽ കടന്ന നീ
 പോകരുതെ എന്നിൽ നിന്നകലയായി എങ്ങുമെ
കൗമാര കാലത്തിൽ മാധുര്യമറിഞ്ഞ നമുക്ക നീ
യുള്ള കാലവും ഒന്നു ചേരാം
ജീവിതത്തിന്റെ നൊമ്പര പാച്ചിലിൽ ആശ്വാസമായി
നിന്നെ ഞാനെന്റെ കൂടെ കൂട്ടാം
ഓർത്തിരിക്കാംനം ഓമനിക്കാനമായി
*വരൂ എൻ സഖി നീ എന്റെ കൂടെ*

## തുമ്പപ്പൂ

നാലില മുറ്റത്ത് നാണിച്ചിരിക്കുന്ന
സുന്ദരിപ്പൂവെ തുമ്പപ്പൂവേ.......
സമൃദ്ധിതൻ ദേവിയും സ്നേഹ സ്വരൂപിയും
മാനുഷ നന്മയും നീയല്ലോ.....
അതിരറ്റു സ്നേഹിച്ച കേരള നാടിന്ന്
എവിടയോ പോയി മറഞ്ഞുവല്ലോ....
ജീവിതച്ചൂടുകൾ വീശിത്തണുപ്പിച്ച
ഓണം മലയാളി മറന്നുവല്ലോ....
സ്വർഗത്തിലെ ആ വാതിൽ താളായി
ജീവിതം ഒഴിച്ചിന്നു വയ്ക്കുന്നു നീ
മാവേലിയെ കാണാൻ യാത്രയാവുന്നു നീ
എന്നും എന്നന്നേയ്ക്കുമായി...
നിത്യമാം നിന്റെ സൗന്ദര്യം വിട്ടു നീ....
ഭൂലോകമേയിന്നു വേടിയുന്നു.
അനിത്യയാം നിന്റെ ഓർമ്മയായി സൗന്ദര്യം
എന്നുമെപ്പോഴും ആരോർക്കും?
ഗ്രാമീണ സംസ്കാരം അകലുന്ന പോലെ നീ
എവിടയോ പോയി മറഞ്ഞിരിപ്പൂ...
മലയാളി ജീവിതം തുടച്ചുമാറ്റപ്പെട്ട്
നീയിന്നെവിടെ മറയുന്നു?
വർണ്ണവിവേചനം തുടച്ചുമാറ്റിയ നി-
*നക്കിന്ന് എന്റെ ആദരാഞ്ജലികൾ....*

## വരവേൽപ്പ്

***ചിങ്ങപുലരിയിൽ...... തിരുവോണപ്പുലരിയിൽ***

***മാവേലി തമ്പുരാന്റെ വരവേൽപ്പ് ....***

***കുയിലുകൾപാടുന്നു***

***പൂക്കൾ വിടരുന്നു***

***നാടൊക്കെ ആഹ്ലാദെ ചൊരിയുന്നു***

***ചിങ്ങപ്പുലരിയിൽ...... തിരുവോണപ്പുലരിയിൽ***

***മാവേലി തമ്പുരാന്റെ വരവേൽപ്പ്......***

***തുമ്പികൾ ആടുന്നു***

***ഓളങ്ങൾ പറയുന്നു തിരുവോണ നാളുകൾ വരവായി***

***ചിങ്ങപ്പുലരിയിൽ ..... തിരുവോണപ്പുലരിയിൽ***

***മാവേലി തമ്പുരാന്റെ വരവേൽപ്പ്.....***

# വീണ്ടുമൊരോർമ്മ

ഇടവമാസത്തിന്റ മൂകമാം രാത്രിയിൽ
ഒരു കൊച്ചു തെന്നൽ തലോടി മെല്ലെ
അമ്മ തൻ ഓർമ്മകൾ എരിയുന്ന അഗ്നിയായി
പാട്ടിൽ കിനാവിൽ സ്വരങ്ങളിലായി
എത്രകാലങ്ങളായ് നിന്നെപ്പിരിഞ്ഞു ഞാൻ
ഈ വിധം ഭൂമിയിൽ തനിച്ചിരിപ്പൂ...
സപ്തസ്വരങ്ങളിൽ കേൾക്കുന്ന നിൻ സ്വരം
ഞാനെന്ന മുഴിതൻ മാറിൽ നിന്നായ്...
എന്നും നിൻ സ്വപ്നങ്ങൾ അലതല്ലിയൊഴുകുന്ന
എന്റ കിനാവിൻ തീരങ്ങളിൽ....
എന്തിന്നു പോയിന നീ എന്നെതനിച്ചാക്കി
എവിടേക്കുപോയി എന്നമ്മയേ നീ
ഇന്നെൻ കിനാവിൽ കുടിയിരിക്കുന്നു നീ
പൂവിൻ മധുവായ് സുഗന്ധമായി
വീണ്ടുമെൻ ഓർമ്മയിൽ വന്നണയുന്നു നിൻ
***ഓർമ്മകൾ പൂവായ് പുലർനിലാവായി....***

# മുത്തശ്ശി പറഞ്ഞു കേട്ട ഓണം

പണ്ട് മഹാബലി നാടുകാണാൻ
ചിങ്ങ തിരുവോണ നാളിലെങ്ങും .
അത്തം മുതൽ പത്തു നാളിലായി
പത്തു തരം പൂക്കൾ ശേഖരിച്ച് .
തൃക്കാക്കരപ്പന് കാഴ്ച്ചവയാക്കും
മുക്കുറ്റി ,മന്ദാരം , ചെമ്പരത്തി
കാക്കപ്പൂ എന്നിങ്ങനെ -
പൂക്കളം തീർത്തല്ലോ കുട്ടികളും
ഇത് മുത്തശ്ശി പറഞ്ഞു കേട്ട ഓണം
എന്നാൽ ഇന്നത്തെ ഓണമോ ?
നല്ലൊരു പൂക്കളം നോക്കിവച്ച്
ചെന്നുടൻ കടലാസു പൂക്കൾ വാങ്ങി
***നല്ലൊരു പൂക്കളം തീർത്തുടനെ .***

# പ്രളയത്തിൽ മുങ്ങി ഓണം

മാവേലി മന്നന്റെ ഓണം വന്നല്ലോ
പൂക്കൾ ചിരിച്ചങ്ങ് പാടി പാടി
പ്രളയക്കെടുതിയിൽ വെന്തൊഴുകും
കേരള നാടിന്ന അതിജീവനത്തിനായി
മാവേലി മന്നന്റെ കണ്ണുകളിൽ
കണ്ടിടാം ദു:ഖത്തിൻ നൊമ്പരങ്ങൾ
പ്രളയത്തെ മനുഷ്യനോ അതിജീവിച്ചു .
അപ്പൊഴോ മാവേലി പോയിക്കഴിഞ്ഞു .
പൂക്കളോ ദു:ഖത്തിൽ വാടിപ്പോയി
***കേരള നാടെന്നും സത്യമാണ്***

# മാധവിക്കുട്ടി



*ലോകപ്രശസ്ത കവിയത്രിയും മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരിയും. കവയിത്രി നാലാപ്പാട്ട് ബാലാമണിയമ്മയുടെയും മാതൃഭൂമി മാനേജിംഗ് എഡിറ്ററായിരുന്ന വി. എം നായരുടേയും മകൾ. പാലക്കാട്ട ജില്ലയിലെ പുന്നയൂർക്കുളത്ത് (31-03-1934) ജനിച്ചു. ഭർത്താവ് ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിന്റെ സീനിയർ കൺസൾട്ടായിരുന്ന മാധവദാസ് (1992 ൽ നിര്യാതയായി). മൂണ് മക്കളുണ്ട്. പക്ഷിയുടെ മണം, നരിച്ചീറുകൾ പറക്കുമ്പോൾ, മാധവിക്കുട്ടിയുടെ തെരഞ്ഞെടുത്ത കഥകള്‍, എന്റെ കഥ, ബാല്യകാലസ്മരണകൾ, , സ്നേഹത്തിന്റെ സ്വർഗവാതിലുകൾ ഡയറിക്കുറിപ്പുകൾ, വർഷങ്ങൾക്കുമുമ്പ്, ചന്ദനത്തിരികൾ , നീർമ്മാതളം പൂത്തക്കാലം, ഹംസധ്വനി എന്നിവയാണ പ്രധാനകൃതികൾ. എന്റെ കഥ പതിനഞ്ചു വിദേശ ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. 1964-ൽ ഏഷ്യൻ പോയട്രി പ്രൈസ്, 1965 ലെ ഏഷ്യൻ രാജ്യങ്ങളിലെ ഇംഗ്ലീഷ് കൃതികൾക്കുള്ള കെന്റ് അവാർഡ്, ആശാൻ വേൾഡ് പ്രൈസ്, അക്കാദമി പുരസ്കാരം എന്നിവ ലഭിച്ചു. 1969 ൽ കേരള സാഹിത്യ അക്കാദമിയുടെ ചെറുകഥയ്ക്കുള്ള അവാർഡ് നേടി. 1997 ൽ നീർമ്മാതളം പൂത്തകാലം എന്ന കൃതിക്ക് വയലാർ അവാർഡ്, 2002 ലെ എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.*

# വള്ളത്തോൾ നാരായണമേനോൻ



മലയാളത്തിലെ മഹാകവിയും കേരള കലാമണ്ഡലത്തിലത്തിൻെറ സ്ഥാപകനുമാണ് വള്ളത്തോൾ നാരായണമേനോൻ . ആധുനിക മലയാള കവിത്രയത്തിൽ കാവ്യശൈലിയിലെ ശബ്ദസൗന്ദര്യം കൊണ്ടും അനുഗ്രഹീതനായ  മഹാകവിയായിരുന്ന വള്ളത്തോൾ നാരായണമേനോൻ , തികച്ചും മനുഷ്യസ്നേഹിയും ,മതസൗഹാർദ്ദത്തിൻെറ വക്താവും ആയിരുന്ന മലയാള ഭാഷയെ ലോകത്തിനു മുമ്പിൽ ധൈര്യമായി അവതരിപ്പിക്കുകയും

മലയാളത്തിൻെറ  തനത് കലയായ കഥകളിയെ പരിപോഷിപ്പിക്കുകയും  ചെയ്തു .

# ആൽക്കമിസറ്റ്

പൗലൊ കൊയ് ലൊ

ലോക പ്രശസ്ത ബ്രസീലിയൻ സാഹിത്യകാരൻ പൗലൊകൊയ് ലൊയാണ് . ആൽ ക്കമിസ്റ്റ് എന്ന കൃതി രചിച്ചത്.

*ഈ പുസ്തകത്തിൽ സാന്റിയാഗൊ എന്ന ഒരു ഇടബാലകന്റെ കഥയാണ് പറയുന്നത്. ആട്ടിൻ പറ്റങ്ങളെ മേച്ചുനടക്കുമ്പോൾ സാന്റിയാഗൊ എന്ന ഇടയബാലകന്റെ കൈപിടിച്ച് ഒരുകുട്ടി അവനെ ഈജിപ്ത്തിലേക്ക് കൂട്ടികൊണ്ടു പോവുകയും പിരമിഡുകളുടെ സമീപത്തുള്ള നിധി കാട്ടികൊടുക്കുകയും ചെയ്യുന്നു. സാന്റിയാഗൊയ്ക്കുണ്ടാകുന്ന സ്വപ്നദർശനത്തിൻെറ പ്രേരണയിൽ അവൻ യാത്ര തിരിക്കുന്നു. ആൽക്കമിസ്റ്റ് ആ യാത്രയുടെ കഥയാണ്. ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർത്ഥയാത്ര. വായനക്കാരുടെ ജീവിതത്തെ മാറ്റിമറിക്കുന്ന കൃതിയാണ് ആൽക്കമിസ്റ്റ്*

# പഴഞ്ചൊല്ലുകൾ

- അകത്തമ്മ നടിച്ചാൽ ഉമ്മറത്തോളം.
- അകത്തുകണ്ടത് പുറത്തുപറയരുത്.
- അകത്തുള്ളത്  മുഖത്ത് കാണും.
- അകം കാണാൻ കണ്ണുപോര.
- അകപ്പെട്ടാൽ പുലി പൂന.
- ആകെ നീരരനീര്.
- ആകെ മുങ്ങിയാൽ കുളിരില്ല.
- ആഗ്രഹം പൊരുത്തലച്ചലും പെരുക്കും.
- ആ കാട്ടും ആ ആട്ടും.
- ആടിനെക്കൊണ്ടുപോയി പട്ടിയാക്കുക.
- ഇക്കഞ്ഞിക്കിച്ചമ്മന്തി.
- ഇക്കരെനിന്നാലക്കരപ്പച്ച.
- ഇഞ്ചി തിന്ന കുരങ്ങനെ പോലെ.
- ഇടതു കാൽവച്ച് പുറപ്പെടരുത്.
- ഇടപ്പുറവും കടപ്പുറവുമാകാ.
- ഈ കട്ടിൽ കണ്ട് പനിക്കേണ്ട.
- ഈ അമ്പാൾക്ക് ഈ മാറ്റുമതി.